**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 489

11.06.2013-ലെ മറുപടിയ്ക്ക്

## സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല സമരവുമായി ബന്ധപ്പെട്ട സസ്പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല സമരവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിൽ നിന്നും എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; അവരിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) സർക്കാർ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട കണ്ണൂർ ജില്ലയിലും കോട്ടയം ജില്ലയിലുമായി സഹകരണ വകുപ്പിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറും, 2 സീനിയർ ആഡിറ്റർമാരും ഉൾപ്പെടെ പണിമുടക്കിൽ പങ്കെടുത്ത 3 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഇതിൽ സീനിയർ ആഡിറ്റർമാരെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി തുടരുന്നു. |
| (ബി) പണിമുടക്കുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ കഴിയുന്ന ജീവനക്കാരെ സസ്പെൻഷൻ പിൻവലിച്ച് തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരു ജീവനക്കാരന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ പണിമുടക്ക് സമരവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻസിപ്പൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിലെ ഉദ്യോഗസ്ഥ ശ്രീമതി.രേണുക എം.പി.യുടെ |

ദേഹത്ത് കരി ഓയിൽ ഒഴിച്ച്
അധിക്ഷേപിക്കുകയും ഔദ്യോഗിക
കൃത്യനിർവ്വഹണം
തടസ്സപ്പെടുത്തുകയും ചെയ്തു എന്ന
പരാതിയുടെ അടിസ്ഥാനത്തിലും,
റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർ
ശ്രീ.സി.പി.പ്രസൂണിനെ ഔദ്യോഗിക
കൃത്യനിർവ്വഹണത്തിൽ
തടസ്സപ്പെടുത്തി എന്ന
പരാതിയിന്മേലും കണ്ണൂർ ടൗൺ
പോലീസ് രജിസ്റ്റർ ചെയ്ത 52/13,
53/13 നമ്പർ ക്രിമിനൽ കേസുകളിൽ
പ്രതിചേർക്കപ്പെടുകയും 52/13 നമ്പർ
കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട കണ്ണൂർ
ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്
കോടതി 14 ദിവസത്തേക്ക്
ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ്
ചെയ്യപ്പെട്ടതിന്റെ
അടിസ്ഥാനത്തിലുമാണ് അസിസ്റ്റന്റ്
ഡയറക്ടർ ശ്രീ.സി.ഗിരീശനെ
സസ്പെൻഡ് ചെയ്തിട്ടുള്ളത്. ഒരു
സർക്കാർ ഉദ്യോഗസ്ഥനായ ടിയാൻ
അതീവ ഗുരുതരമായ കുറ്റം
ചെയ്തിട്ടുള്ളതിനാൽ കേരള സിവിൽ
സർവ്വീസസ് (തരം തിരിക്കലും
നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ
പ്രകാരം ശിക്ഷണ നടപടി
തുടർന്നുവരുന്ന സാഹചര്യത്തിലാണ്
ശ്രീ.ഗിരീശനെ സർവ്വീസിൽ തിരികെ
പ്രവേശിപ്പിക്കാത്തത്.

സെക്ഷൻ ഓഫീസർ